# എനർജി മാനേജ്മെന്റ് സെന്റർ

(ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസി)

ഊർജ്ജ വകുപ്പ്, കേരള സർക്കാർ

ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം. പിൻ 695017

ഫോൺ: 0471 2594922, 2594924 ഫാക്സ്: 0471 2594923

ഇ.മെയിൽ : emck@keralaenergy.gov.in

വെബ്സൈറ്റ് : www.keralaenergy.gov.in


നമ്പർ: ഇ.എം.സി/ഡി.ഐ.ആർ/ഇ.സി.എം/15 17.10.15

The Deputy Director(Education)
Civil Station,
Palakkad 1
Ph: 0491 -2505469

സർ,

വിഷയം:**ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം - സംബന്ധിച്ച്**

ദേശീയ തലത്തിൽ ഡിസംബർ 14 എല്ലാ വർഷവും ദേശീയ ഊർജ്ജസംരക്ഷണ ദിനമായി ആചരിച്ചുവരികയാണ്. കേരളത്തിൽ 1996-ൽ എനർജി മാനേജ്മെന്റ് സെന്റർ സ്ഥാപിതമായതോടുകൂടി നവംബർ 15 മുതൽ ഡിസംബർ 14 വരെ എല്ലാ മേഖലകളിലും വിവിധ പരിപാടികളോടെ ഊർജ്ജസംരക്ഷണ മാസമായി ആചരിക്കുകയും ഡിസംബർ 14 ന് സംസ്ഥാനം ദേശീയ ഊർജ്ജസംരക്ഷണ ദിനമായി ആചരിക്കുകയും, കൂടാതെ സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് വിതരണവും നടത്തുന്നു.

ഊർജ്ജപ്രതിസന്ധികൊണ്ടും കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം എന്നിവയെ പ്രതിരോധിക്കുന്നതിൽ ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യംകൊണ്ടും ലോകരാഷ്ട്രങ്ങളെല്ലാം തന്നെ വ്യാപകമായ തോതിൽ ഊർജ്ജസംരക്ഷണ പ്രചാരണ പരിപാടികൾ നടത്തി വരുന്നു.

കേരളത്തിലെ ഊർജ്ജസംരക്ഷണ ദിനാചരണത്തിൽ എല്ലാ വിഭാഗം ആളുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധമുള്ളവരാക്കുന്നതിനും എല്ലാ വകുപ്പുകളുടെയും നേതൃത്വത്തിൽ ഊർജ്ജസംരക്ഷണ പ്രതിജ്ഞ എടുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർതലത്തിൽ അംഗീകരിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞ നടത്തുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എല്ലാവർഷവും നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഊർജ്ജസംരക്ഷണ ദിനത്തോടനുബന്ധിച്ച് പലവിധ പരിപാടികൾ നടത്താറുണ്ട്. ഊർജ്ജ ദുർവിനിയോഗം ഏറ്റവും കൂടുതൽ ദോഷം വരുത്തുന്നത് വരും തലമുറകളെ ആണ്. അതിനാൽ ഇന്നത്തെ കുട്ടികളിൽ ഊർജ്ജസംരക്ഷണ ശീലം വളർത്തി എടുക്കുക എന്നുള്ളത് നമ്മുടെ കടമയാണ്.

താങ്കളുടെ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഈ സന്ദേശം എത്തിക്കണമെന്നും എല്ലാ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും പങ്കാളിത്തത്തോടുകൂടി ഊർജ്ജസംരക്ഷണ പ്രതിജ്ഞ എടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും അപേക്ഷിക്കുന്നു.

ഊർജ്ജസംരക്ഷണ പ്രതിജ്ഞയും റിപ്പോർട്ട് ഫോറവും ഇതോടൊപ്പം അയയ്ക്കുന്നു.

എന്ന്,
വിശ്വസ്തതയോടെ,

കെ.എം.ധരേശൻ ഉണ്ണിത്താൻ
ഡയറക്ടർ

# പ്രതിജ്ഞ

ഞാൻ എന്റെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഐക്യത്തോടും അഖണ്ഡതയോടും കൂടി പ്രവർത്തിക്കുമെന്നും, പുരോഗതിയുടെ അടിസ്ഥാനമായ ഊർജ്ജത്തെ അമൂല്യമായി കരുതുമെന്നും, ഇന്നുമുതൽ ഊർജ്ജ സംരക്ഷണ യജ്ഞത്തിൽ തീവ്രമായും ആത്മാർത്ഥമായും പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു.

ഊർജ്ജ നഷ്ടം കുറച്ചുകൊണ്ടും ഊർജ്ജ ദുരുപയോഗം തടഞ്ഞുകൊണ്ടും ഊർജ്ജ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ടും, പുതിയ ഊർജ്ജ ഉറവിടങ്ങൾ അനുയോജ്യമായി ഉപയോഗിച്ചുകൊണ്ടും ഊർജ്ജം സംരക്ഷിക്കാൻ ഞാൻ അതീവ ജാഗ്രത പാലിക്കുന്നതായിരിക്കും. ഊർജ്ജ സംരക്ഷണ തത്വങ്ങൾ പ്രചരിപ്പിക്കുന്നത് ഇന്നു മുതൽ എന്റെ ദൗത്യമായിരിക്കുമെന്നു കൂടി ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

ജയ്ഹിന്ദ് !